# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *213 05.05.2017-ന് മറുപടിയ്ക്ക്**

## വനാതിർത്തി ജണ്ട ഇട്ട് വേർതിരിക്കുന്ന നടപടി

**ചോദ്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീ. വി.ആർ. സുനിൽ കുമാർ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനാതിർത്തി ജണ്ട ഇട്ട് വേർതിരിക്കുന്ന നടപടി പുരോഗമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വേർതിരിക്കാനായി അവശേഷിക്കുന്ന വനാതിർത്തി എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ; | (എ) | വനാതിർത്തി ജണ്ട ഇട്ട് വേർതിരിക്കുന്ന നടപടി പുരോഗമിക്കുന്നുണ്ട്; വേർതിരിക്കാനായി അവശേഷിക്കുന്ന വനാതിർത്തി ഏകദേശം 2300 കി.മീ. ആണ്. |
| (ബി) | ഇതിലേക്കായി എത്ര ജണ്ടകൾ നിർമ്മിക്കണമെന്ന് കണക്കാക്കിയിട്ടുണ്ടോ; സംസ്ഥാനത്ത് എവിടെയാണ് ജണ്ട നിർമ്മാണം അവശേഷിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | ഇതിലേയ്ക്കായി ഏകദേശം 41,000-ത്തോളം ജണ്ടകൾ നിർമ്മിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 29 വന ഡിവിഷനുകളിൽ വനാതിർത്തി നിർണ്ണയം പൂർത്തിയാക്കാനുണ്ട്. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം, അച്ചൻകോവിൽ, പുനലൂർ, തെൻമല, കോന്നി, കോട്ടയം, കോതമംഗലം, മൂന്നാർ, മാങ്കുളം, തൃശ്ശൂർ, മലയാറ്റൂർ, നെന്മാറ, പാലക്കാട്, മണ്ണാർക്കാട്, നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത്, കണ്ണൂർ, വയനാട് നോർത്ത്, വയനാട് സൗത്ത്, കോഴിക്കോട്, കാസർഗോഡ്, തിരുവനന്തപുരം വൈൽഡ് ലൈഫ്, സെന്തുരുണി വൈൽഡ് ലൈഫ്, പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ്, പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ്, മൂന്നാർ വൈൽഡ് ലൈഫ്, പീച്ചി വൈൽഡ് ലൈഫ്, സൈലന്റ് വാലി വൈൽഡ് ലൈഫ്, വയനാട് വൈൽഡ് ലൈഫ്. |
| (സി) | വനമേഖല ജണ്ട ഇട്ട് വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ? | (സി) | വന മേഖല ജണ്ട ഇട്ട് വേർതിരിക്കുന്നതുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.<br>i) ബഹു. ഹൈക്കോടതി, മുൻസിഫ് കോടതി, ട്രിബ്യൂണൽ തുടങ്ങിയവയുടെ പരിഗണനയിലായിരിക്കുന്ന അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട കേസ്സുകളും അവയിലെ ഉത്തരവുകളും.<br>ii) 01.01.1977 ന് മുമ്പുള്ളതാണെന്ന് അവകാശപ്പെടുന്ന |

| | | | |
|---|---|---|---|
| | | | വനം കൈയ്യേറ്റങ്ങൾ സംയുക്ത പരിശോധന നടത്തുന്നതിലുള്ള കാലതാമസവും, 01.01.1977 ന് മുമ്പുള്ളതെന്ന് കണ്ടെത്തിയ വനം കൈയ്യേറ്റങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിലുള്ള കാലതാമസവും, അനുമതി ലഭിച്ച കൈയ്യേറ്റങ്ങൾക്ക് സർവ്വേ ചെയ്ത സ്കെച്ചുകൾ ലഭ്യമല്ലാത്തതും കാരണം വനാതിർത്തി ഭൂമിയിൽ നിശ്ചയിക്കാൻ കഴിയാത്ത അവസ്ഥ.<br>iii) സ്വകാര്യ ഭൂമിയുമായി വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ സർവ്വേ പോയിന്റുകൾ സ്വാഭാവികമായോ, അല്ലാത്തതോ ആയ കാരണങ്ങളാൽ കണ്ടെത്താൻ ആകാത്തത്.<br>iv) വനംകയ്യേറ്റം നിലനിൽക്കുന്ന സ്ഥലങ്ങളിലെ തദ്ദേശവാസികളുടെ പ്രതിരോധം.<br>v) ഭൂപ്രകൃതിയുടെ കിടപ്പും റോഡുകളുടെ അഭാവവും കാരണം വനാതിർത്തി വേർതിരിക്കേണ്ട വനമേഖലകളിൽ ജണ്ട നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ വസ്തുക്കൾ എത്തിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ. |

**സെക്ഷൻ ഓഫീസർ**